ഉത്തരം

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും സംസ്ഥാന പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകവുമായ കിളിമാനൂർ കൊട്ടാര സമുച്ചയത്തിലെ പുത്തൻ കൊട്ടാരം, അനുബന്ധ നിർമ്മിതികൾ എന്നിവയുടെ അടിയന്തര സംരക്ഷണപ്പണികൾക്കായി 2014-15 സാമ്പത്തിക വർഷം 52 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ 2015 സെപ്റ്റംബർ മാസത്തോടുകൂടി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. പ്രവർത്തനങ്ങളുടെ മേൽനോട്ടം പുരാവസ്തു വകുപ്പാണ് നടത്തുന്നത്.

സർക്കാർ ദിനപത്രം ആരംഭിക്കുന്നത്

100 (3067) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ദിനപത്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ദിനപത്രം ആരംഭിക്കേണ്ടതിന്റെ സാഹചര്യം വ്യക്തമാക്കുമോ ;

(ബി) പത്രം ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ് ഒരു ടാബ്ലോയിഡ് പത്രത്തിന്റെ പ്രസിദ്ധീകരണം ആരംഭിക്കുമെന്ന് 2013-14-ലെ ബഹു. ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പരീക്ഷണാർത്ഥം 2015 ഫെബ്രുവരി 25-ന് 16 പേജുള്ള ബഹുവർണ്ണ ടാബ്ലോയ്ഡ് പത്രം പ്രസിദ്ധീകരിച്ചിരുന്നു. രണ്ടാമത്തെ ലക്കം മാർച്ചിൽ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു. ഈ പത്രം ദിനപത്രമായി പ്രസിദ്ധീകരിക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly